# Malayala Manorama

## 20 August 2018

## Mattancherry, After Flood, West Kochi, Drinking Water Supply




ജനകീയ സമിതി പ്രവർത്തകർ മട്ടാഞ്ചേരിയിൽ കുടിവെള്ളം വിതരണം ചെയ്യുന്നു.

# പശ്ചിമ കൊച്ചിയിലെ കുടിവെള്ള വിതരണം; രണ്ടുദിവസം കൂടി കാത്തിരിക്കണം

### പമ്പിങ് പൂർണതോതിൽ ആകാൻ ദിവസങ്ങളെടുക്കും

മട്ടാഞ്ചേരി ● പശ്ചിമ കൊച്ചിയുടെ വിവിധ ഭാഗങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമായി. പ്രളയത്തെ തുടർന്ന് ആലുവ, നെട്ടൂർ പമ്പ് ഹൗസുകളിൽ നിന്നുള്ള പമ്പിങ് നിർത്തിയതോടെയാണ് ഒരാഴ്ചയിലേറെയായി കുടിവെള്ള വിതരണം തടസ്സപ്പെട്ടത്. മട്ടാഞ്ചേരി, ഫോർട്ട്കൊച്ചി, പള്ളുരുത്തി, കുമ്പളങ്ങി, ഇടക്കൊച്ചി, ചെല്ലാനം മേഖലകളിൽ കുടിവെള്ളത്തിനായി ജനം നെട്ടോട്ടമോടുകയാണ്.

രണ്ടു ദിവസത്തിനകം പമ്പിങ് പുനരാരംഭിക്കാൻ കഴിയുമെന്നാണു പ്രതീക്ഷയെന്ന് ജല അതോറിറ്റി അധികൃതർ പറഞ്ഞു.

എന്നാലും, പമ്പിങ് പൂർണതോതിൽ ആകാൻ ദിവസങ്ങളെടുക്കും.

പലയിടത്തും കുടിക്കാൻ കുപ്പിവെള്ളം പോലും കിട്ടാനാവാത്ത അവസ്ഥയാണെന്ന് ആളുകൾ പറയുന്നു. ജനപ്രതിനിധികൾ ഇടപെട്ട് പലയിടത്തും ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുന്നുണ്ട്. എരമല്ലൂർ, ചേർത്തല പ്രദേശങ്ങളിൽ നിന്നാണു വെള്ളം കൊണ്ടുവരുന്നത്.

ദുരിതാശ്വാസ ക്യാംപുകളിലും ഇവിടെ നിന്നാണു വെള്ളം എത്തിക്കുന്നത്.

ജനകീയ സമിതി പ്രവർത്തകർ ടാങ്കർ ലോറിയിൽ മട്ടാഞ്ചേരി ലോബോ ജംക്ഷനിലും പരിസര പ്രദേശങ്ങളിലും കുടിവെള്ളം വിതരണം ചെയ്തു.